പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 185

# 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 185

# 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

118/2013.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 185

# 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് (2003-ലെ 27) ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 2-ാം വകുപ്പ് 2013 ജനുവരി 15-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 3-ാം വകുപ്പ് 2004 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 4-ാം വകുപ്പ് 2010 നവംബർ 26-ാം തീയതി പാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 5-ാം വകുപ്പ് 2011 നവംബർ 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 6-ാം വകുപ്പ് 2012 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വ്യവസ്ഥകൾ 2012 ആഗസ്റ്റ് 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ആണ്.

2. 14-ാം വകുപ്പിന്റെ ഭേദഗതി.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, "ആറു രൂപയുടെ മൂല്യമുള്ള" എന്ന വാക്കുകൾക്ക് പകരം, "പന്ത്രണ്ട് രൂപയുടെ മൂല്യമുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ,—

(i) (5)-ാം ഉപവകുപ്പിന് പകരം ഇനി പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) ഓരോ അംഗവും ഫണ്ടിലേക്ക് വാർഷിക വരിസംഖ്യയായി ആയിരത്തി ഇരുന്നൂറ് രൂപ നൽകേണ്ടതും ആയത് മൊത്തമായി നൽകുന്നപക്ഷം

എല്ലാ വർഷവും ജൂൺ 30-ാം തീയതിയിലോ അതിനുമുൻപോ നൽകേണ്ടതും അല്ലാത്തപക്ഷം മൂന്ന് തുല്യഗഡുക്കളായി ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31 എന്നീ തീയതികളിലോ അതിനുമുൻപോ നൽകേണ്ടതുമാണ് :

എന്നാൽ മേൽപ്പറഞ്ഞപ്രകാരം മൊത്തമായോ ഗഡുക്കളായോ നിശ്ചിത സമയത്തിനകം വരിസംഖ്യ അടയ്ക്കുന്നതിന് വീഴ്ചവരുത്തുന്ന അംഗങ്ങൾ അപ്രകാരം വീഴ്ച വരുത്തിയ കുടിശ്ശിക തുക പന്ത്രണ്ട് ശതമാനം പലിശസഹിതം ഡിസംബർ 31-ാം തീയതിയിലോ അതിനുമുൻപായോ അടയ്ക്കേണ്ടതാണ്.

(5എ) നിലവിലുള്ള ഓരോ അംഗവും 2004 ഏപ്രിൽ 1-ാം തീയതി മുതൽ 2010-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2010-ലെ 57) ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതിയായ 2010 നവംബർ 26-ാം തീയതിവരെയുള്ള കാലയളവിൽ അടയ്ക്കേണ്ടിയിരുന്ന വാർഷികവരിസംഖ്യയുടെ കുടിശ്ശിക 2010 ഡിസംബർ 31, 2011 ജൂൺ 30, 2011 ഡിസംബർ 31 എന്നീ തീയതികൾക്കുമുൻപായി മൂന്ന് തുല്യഗഡുക്കളായി അടയ്ക്കേണ്ടതാണ് :

എന്നാൽ 2011 ഡിസംബർ 31-ാം തീയതിയിൽ ഏതെങ്കിലും ഗഡു കുടിശ്ശിക വരുത്തിയവർ അങ്ങനെയുള്ള കുടിശ്ശിക തുക, കുടിശ്ശിക വരുത്തിയ തീയതി മുതൽ പന്ത്രണ്ടു ശതമാനം പലിശസഹിതം ആറ് എണ്ണം വരെ ആകാവുന്ന തുല്യ ഗഡുക്കളായി 2012 സെപ്റ്റംബർ 30-ാം തീയതിക്കുമുൻപായി അടയ്ക്കേണ്ടതാണ്. ";

(ii) (6)-ാം ഉപവകുപ്പിൽ "ജൂൺ 30-ാം തീയതിക്കുമുൻപ്" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "ഡിസംബർ 31-ാം തീയതിക്കുമുൻപ് " എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

4. 18-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിൽ, (6)-ാം ഉപവകുപ്പിനുശേഷം ഇനി പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) അംഗത്വം അവസാനിപ്പിച്ച് പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റിയ ഒരംഗത്തിന് ഫണ്ടിലേക്ക് പുനഃപ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.".

5. 26-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 26-ാം വകുപ്പിൽ നിലവിലുള്ള വകുപ്പ് ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം ഇനി പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) 1985-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രസ്തുത പദ്ധതിയുടെ എല്ലാവിധ ആസ്തികളും ബാദ്ധ്യതകളും ഈ ആക്റ്റിലെ 4-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിക്ക് കൈമാറേണ്ടതാണ്.".

6. 27-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 27-ാം വകുപ്പിൽ "ഇരുപത് ശതമാനം" എന്ന വാക്കുകൾക്കുപകരം "മുപ്പതുശതമാനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2013-ലെ 15) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് മുഖേന ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് മുഖേന ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1. 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27) 18-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഫണ്ടിലെ അംഗങ്ങൾക്ക് പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ആയത് നടപ്പിലാക്കുന്നതിനാവശ്യമായ സാമ്പത്തിക സ്രോതസ്സിനുവേണ്ടി അംഗങ്ങളുടെ വാർഷിക വരിസംഖ്യ, ആക്റ്റ് നിലവിൽവന്ന 2004 ഏപ്രിൽ 1-ാം തീയതി മുതൽ, നിലവിലുള്ള അംഗങ്ങൾക്ക് മുൻകാല പ്രാബല്യത്തോടുകൂടി, 400 രൂപയിൽ നിന്നും 1,200 രൂപയായി വർദ്ധിപ്പിക്കാനും അതനുസരിച്ച് നിലവിലുള്ള അംഗങ്ങളിൽ നിന്നും ലഭിക്കുവാനുള്ള കുടിശ്ശിക 2010 ഡിസംബർ 31, 2011 ജൂൺ 30, 2011 ഡിസംബർ 31 എന്നീ തീയതികൾക്കുള്ളിൽ മൂന്ന് തുല്യഗഡുക്കളായി ഈടാക്കിയും അപ്രകാരം ലഭ്യമാകാവുന്ന വാർഷിക വരിസംഖ്യയുടെ വർദ്ധനവ് സ്ഥിരനിക്ഷേപമായി നിക്ഷേപിച്ച് അതിൻമേലുണ്ടാകുന്ന പലിശയിൽ നിന്ന് 2012 ഏപ്രിൽ മാസം മുതൽ 60 വയസ്സ് പൂർത്തിയായവരും ക്ഷേമനിധിയിൽ അംഗമായി ചേർന്ന് എട്ട് വർഷം പൂർത്തിയായവരുമായ അംഗങ്ങൾക്ക് 500 രൂപ വീതം പ്രതിമാസം പെൻഷൻ നൽകുന്നതിനും തുടർന്ന് ഓരോ വർഷത്തെ സേവനത്തിനും പത്ത് രൂപ വീതം കൂട്ടി പരമാവധി 600 രൂപവരെ പെൻഷൻ നൽകുവാനും അംഗത്വം അവസാനിപ്പിച്ച് പെൻഷനും മറ്റാനുകൂല്യങ്ങളും കൈപ്പറ്റിയ ഒരംഗത്തിന് ഫണ്ടിലേക്ക് പുനഃപ്രവേശനത്തിന് അർഹതയുണ്ടായിരിക്കില്ല എന്ന നിബന്ധനയും ഉൾപ്പെടുത്തണമെന്ന് കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി ആവശ്യപ്പെട്ടു.

2. ഈ കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയും 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് അനുയോജ്യമായി ഭേദഗതി വരുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിൽ അല്ലാത്തതിനാലും മേൽപ്പറഞ്ഞ നിർദ്ദേശം ഉടനടി പ്രാബല്യത്തിൽ കൊണ്ടുവരേണ്ടതിനാലും 2010 നവംബർ 25-ാം തീയതി കേരള ഗവർണ്ണർ, 2010-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് വിളംബരപ്പെടുത്തുകയും ആയത് 2010-ലെ 57-ാം നമ്പർ ഓർഡിനൻസായി 2010 നവംബർ 26-ാം തീയതിയിലെ 2699-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2010 ഡിസംബർ 21-ാം തീയതി ആരംഭിച്ച് 2011 ജനുവരി 3-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളന കാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം

സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2011-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2011 ജനുവരി 23-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011-ലെ 6-ാം നമ്പർ ഓർഡിനൻസായി 2011 ജനുവരി 23-ാം തീയതിയിലെ 163-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2011 ഫെബ്രുവരി 4-ാം തീയതി ആരംഭിച്ച് 2011 ഫെബ്രുവരി 24-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2011-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2011-ലെ 26) 2011 മാർച്ച് 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011-ലെ 26-ാം നമ്പർ ഓർഡിനൻസായി 2011 മാർച്ച് 18-ാം തീയതിയിലെ 665-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനുമുൻപ് 1985 ജനുവരി 1-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 3/85/ധന. ഉത്തരവുപ്രകാരം നിലവിലുണ്ടായിരുന്ന 1985-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയിൽ ചേർന്നിട്ടുള്ള എല്ലാ അഡ്വക്കേറ്റ് ക്ലാർക്കുമാരും വാർഷിക വരിസംഖ്യ 1985 മുതൽ "8011-ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട്-106-അദർ ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട്-01-അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് സ്കീം" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ചുവന്നിട്ടുള്ളതും അഡ്വക്കേറ്റ് ക്ലാർക്ക്സ് അടയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായി സർക്കാർ വിഹിതവും ഈ ഫണ്ടിലേക്ക് അടച്ചിട്ടുള്ളതും ആണ്. എന്നാൽ 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ്, 26-ാം വകുപ്പുപ്രകാരം പ്രസ്തുത ആക്റ്റിന്റെ പ്രാരംഭ തീയതിയിലും തുടർന്നും നിലവിലുള്ള കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയുടെ നിയന്ത്രണവും മേൽനോട്ടവും അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിക്കായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടർ കൈകാര്യം ചെയ്തിരുന്ന കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയിൽ നാളിതുവരെ അടച്ചിട്ടുള്ള എല്ലാ തുകകളും, അഡ്വക്കേറ്റ് ക്ലാർക്ക്സ് അടച്ചിട്ടുള്ള ക്ഷേമനിധി വിഹിതവും സർക്കാർ വിഹിതവും ഉൾപ്പെടെ, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിക്ക് കൈമാറുന്നതിനുവേണ്ടി പ്രസ്തുത ആക്റ്റിലെ 26-ാം വകുപ്പ് ഭേദഗതി ചെയ്യേണ്ടതാണെന്നും സർക്കാർ തീരുമാനിച്ചു. അതിൻപ്രകാരം 2010-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ 12-ാം കേരള നിയമസഭ 344-ാം നമ്പർ ബില്ലായി പ്രസിദ്ധപ്പെടുത്തിയെങ്കിലും 2011 മേയ് 14-ന് പ്രസ്തുത നിയമസഭയുടെ കാലാവധി അവസാനിച്ചതിനാൽ പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

7. 2011 ജൂൺ 1-ാം തീയതി ആരംഭിച്ച് 2011 ജൂലൈ 20-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് 2011-ലെ 26-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ

അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകളിൽ 12-ാം കേരള നിയമസഭയുടെ 344-ാം നമ്പർ ബില്ലിലെ വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി നിയമനിർമ്മാണം നടത്തേണ്ടതാണെന്ന് സർക്കാർ തീരുമാനിച്ചു.

8. സംസ്ഥാന നിയമസഭ സമ്മേളനത്തിൽ അല്ലാത്തതിനാലും 2011-ലെ 26-ാം നമ്പർ ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടതായ ആവശ്യം നിലവിലുണ്ടായിരുന്നതിനാലും 344-ാം നമ്പർ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 26-ാം വകുപ്പിന്റെ ഭേദഗതികൂടി ഉൾപ്പെടുത്തി 2011-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് കേരള ഗവർണ്ണർ 2011 നവംബർ 17-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് 2011-ലെ 49-ാം നമ്പർ ഓർഡിനൻസായി 2011 നവംബർ 18-ാം തീയതിയിലെ 2176-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

9. 2011 ഡിസംബർ 9-ാം തീയതി ആരംഭിച്ച് അതേദിവസം അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2012-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2012 ജനുവരി 16-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 1-ാം നമ്പർ ഓർഡിനൻസായി 2012 ജനുവരി 17-ാം തീയതി 112-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

10. 2012 മാർച്ച് 1-ാം തീയതി ആരംഭിച്ച് 2012 മാർച്ച് 23-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞിരുന്നില്ല.

11. 2012-2013-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്നും കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധിയിലേക്ക് ലഭിക്കേണ്ട വിഹിതം 20% എന്ന നിരക്കിൽ നിന്നും 30% ആയി വർദ്ധിപ്പിക്കുന്നുവെന്നും കുടിശ്ശിക വരുത്തിയ അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് കുടിശ്ശിക അടയ്ക്കാൻ സമയം നൽകുമെന്നും ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി.

12. 2012-ലെ 1-ാം നമ്പർ ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായും 2012-ലെ ബഡ്ജറ്റ് നിർദ്ദേശം ഉൾപ്പെടുത്തുന്നതിനായും 2012-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2012 ഏപ്രിൽ 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 37-ാം നമ്പർ ഓർഡിനൻസായി 2012 ഏപ്രിൽ 11-ാം തീയതിയിലെ 739-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

13. 2012 ജൂൺ 11-ാം തീയതി ആരംഭിച്ച് 2012 ജൂലൈ 25-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം

സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം പ്രസ്തുത ഓർഡിനൻസ് 2012 ജൂലൈ 23-ാം തീയതി പ്രാബല്യമില്ലാതായിത്തീർന്നു. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ വീണ്ടും നിലനിർത്തുന്നതിനായും സാധൂകരണ വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടും 2012-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2012 ആഗസ്റ്റ് 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 41-ാം നമ്പർ ഓർഡിനൻസായി 2012 ആഗസ്റ്റ് 13-ാം തീയതിയിലെ 1696-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

14. 25-4-2012-ൽ കൂടിയ ക്ഷേമനിധി കമ്മിറ്റി കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പിന്റെ വില ആറ് രൂപയിൽ നിന്ന് പന്ത്രണ്ട് രൂപയാക്കി വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിച്ചു. ഇക്കാര്യം സർക്കാർ പരിശോധിക്കുകയും 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് ഭേദഗതി വരുത്തിക്കൊണ്ട് കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പിന്റെ മൂല്യം ആറ് രൂപയിൽ നിന്ന് പന്ത്രണ്ട് രൂപയാക്കി വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിക്കുകയും ചെയ്തു.

15. 2012 ഡിസംബർ 10-ാം തീയതി ആരംഭിച്ച് 2012 ഡിസംബർ 21-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്, 2013 ജനുവരി 14-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013-ലെ 15-ാം നമ്പർ ഓർഡിനൻസായി 2013 ജനുവരി 15-ാം തീയതി 123-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

16. 2013-ലെ 15-ാം നമ്പർ ഓർഡിനൻസിനുപകരവും പ്രധാന ആക്റ്റിന്റെ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് ഭേദഗതി ഉൾപ്പെടുത്തിക്കൊണ്ടും സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

കെ. എം. മാണി

# 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിൽനിന്നുള്ള പ്രസക്തഭാഗങ്ങൾ
## (2003-ലെ 27-ാം ആക്റ്റ്)

** ** ** **

14. കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പ്.—(1) കമ്മിറ്റി, ആറ് രൂപയുടെ മൂല്യമുള്ള, നിർണ്ണയിക്കപ്പെടാവുന്ന അത്തരം രൂപത്തിലും അത്തരം രീതിയിലുമുള്ളതും "കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പ്" എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ സ്റ്റാമ്പുകൾ സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കേണ്ടതാണ്.

** ** ** **

17. ഫണ്ടിലെ അംഗത്വം.—(1) സംസ്ഥാനത്തെ ഓരോ അഡ്വക്കേറ്റ് ക്ലാർക്കും ഫണ്ടിലെ അംഗമായി പ്രവേശിക്കുന്നതിന് നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള ഫാറത്തിലും രീതിയിലും കമ്മിറ്റിയോട് അപേക്ഷിക്കാവുന്നതാണ് :

എന്നാൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന്റെയോ, സർവ്വീസിൽനിന്ന് റിട്ടയർമെന്റ് ആനുകൂല്യങ്ങളോടുകൂടി വിരമിച്ചശേഷം അഡ്വക്കേറ്റ് ക്ലാർക്കായി ഉദ്യോഗം വഹിക്കുന്ന യാതൊരാൾക്കും, ഈ ഫണ്ടിൽ അംഗത്വത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

** ** ** **

(5) ഓരോ അംഗവും ഫണ്ടിലേക്ക് വാർഷിക വരിസംഖ്യയായി നാന്നൂറ് രൂപ എല്ലാ വർഷവും ജൂൺ 30-ാം തീയതിയോ അതിനുമുമ്പോ നൽകേണ്ടതാണ്.

(6) ഏതെങ്കിലും ഒരംഗം ഒരു വർഷത്തെ വാർഷിക വരിസംഖ്യ ആ വർഷം ജൂൺ 30-ാം തീയതിക്കുമുമ്പ് അടയ്ക്കാൻ വീഴ്ച വരുത്തിയാൽ അയാൾ ഫണ്ടിന്റെ അംഗത്വത്തിൽനിന്നും നീക്കം ചെയ്യലിന് വിധേയനാകുന്നതാണ്.

(7) ഫണ്ടിന്റെ അംഗത്വത്തിൽനിന്നും (6)-ാം ഉപവകുപ്പ് പ്രകാരം നീക്കം ചെയ്യപ്പെട്ട ഒരാളെ, അപ്രകാരം നീക്കം ചെയ്യപ്പെട്ട തീയതി മുതൽ ആറ് മാസത്തിനകം വർഷത്തിൽ പന്ത്രണ്ട് ശതമാനം പലിശയോടുകൂടി കുടിശ്ശിക അടച്ചാൽ, ഫണ്ടിൽ വീണ്ടും പ്രവേശിപ്പിക്കേണ്ടതാണ്.

(8) ഫണ്ടിന്റെ അംഗത്വത്തിൽ പ്രവേശനം കിട്ടുന്ന അവസരത്തിൽ ഓരോ അംഗവും, അയാൾക്ക് മരണം സംഭവിക്കുന്ന സംഗതിയിൽ ഫണ്ടിൽനിന്നും കിട്ടാനുള്ള തുക സ്വീകരിക്കുന്നതിനുള്ള അവകാശം ഒന്നോ അതിലധികമോ ആശ്രിതർക്ക് നൽകിക്കൊണ്ടുള്ള ഒരു നോമിനേഷൻ കൊടുക്കേണ്ടതാണ്.

18. തൊഴിൽ അവസാനിക്കുമ്പോൾ ഫണ്ടിൽനിന്നും പണം കൊടുക്കൽ.—(1) ഫണ്ടിലെ ഒരംഗത്തിന്, തൊഴിൽ അവസാനിക്കുമ്പോൾ, ഒരു അഡ്വക്കേറ്റ് ക്ലാർക്കായി അയാൾ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ സഞ്ചിത തുകയും പെൻഷനും ഫണ്ടിൽനിന്നും കിട്ടാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

** ** ** **

(6) കമ്മിറ്റി 5-ാം ഉപവകുപ്പുപ്രകാരം കിട്ടിയ ഒരപേക്ഷ അതിന് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള അന്വേഷണങ്ങൾക്കുശേഷം, തീർപ്പാക്കേണ്ടതാണ്.

** ** ** **

26. നിലവിലുള്ള കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയുടെ നിയന്ത്രണവും മേൽനോട്ടവും.—ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലും തുടർന്നും നിലവിലുള്ള കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയുടെ നിയന്ത്രണവും മേൽനോട്ടവും കമ്മിറ്റിക്കായിരിക്കുന്നതാണ്.

27. 1960-ലെ 10-ാം ആക്റ്റിന്റെ ഭേദഗതി.—1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റി (1960-ലെ 10)-ലെ 76-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രസ്തുത വകുപ്പുപ്രകാരം ശേഖരിക്കുന്ന ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ ഇരുപത് ശതമാനം വരുന്ന തുക ഓരോ വർഷവും ഈ ആക്റ്റ് പ്രകാരം രൂപീകരിക്കുന്ന ഫണ്ടിലേക്ക് കൈമാറേണ്ടതാണ്.

** ** ** **